# ഗവ ഹയർസെക്കന്ററി സ്കൂൾ മങ്ങാട്



## പ്രതീക്ഷ



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഉള്ളടക്കം


ആമുഖം..........3
അടിസ്ഥാനവിവരങ്ങൾ..........4
കുട്ടികളുടെ എണ്ണം..........5
അധ്യാപക-അനധ്യാപകർ..........5
ലക്ഷ്യങ്ങൾ..........6
വിദ്യാലയത്തിന്റെ ലഘുചരിത്രം..........7
വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്..........8
പദ്ധതിരൂപീകരണപ്രക്രിയ..........9
കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ..........9
നിലവിലെ അവസ്ഥാവിശകലനം..........10
പദ്ധതി വിശദാംശങ്ങൾ..........12
യു പി വിഭാഗം..........12
പദ്ധതി വിശദാംശങ്ങൾ..........24
എച്ച്.എസ്.വിഭാഗം..........24
മലയാളം..........25
ക്ലബ്ബുകളും സന്നദ്ധസംഘടനകളും..........37
ഉപസംഹാരം..........38

# ആമുഖം

കൊല്ലം ജില്ലയുടെ ഹൃദയഭാഗത്തിൽ നിന്നും അധികം അകലെയല്ലാതെ ഗ്രാമത്തിന്റെ വശ്യതയും ഭംഗിയുമൊക്കെ കൂടിച്ചേർന്ന് മങ്ങാട് പ്രദേശത്ത് 1913 ൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച് 1960 ൽ ഹൈസ്കൂളായും 1998 ൽ ഹയർസെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ട മങ്ങാട് ഗവ ഹയർസെക്കന്ററി സ്കൂളിന് കൊല്ലം ജില്ലയിൽത്തന്നെ ശ്രദ്ധേയമായ സ്ഥാനമാണ് ഉള്ളത്. പ്രഥമാധ്യാപകരായി ചുമതല നിർവ്വഹിച്ചവരുടെയും കാലാകാലങ്ങളിൽ നിലവിലിരുന്ന അധ്യാപക രക്ഷാകർത്തൃ സംഘടനയുടെയും സേവനമനുഷ്ഠിച്ച അധ്യാപക-അനധ്യാപകർ,വിദ്യാർത്ഥികൾ,സ്നേഹസമ്പന്നരായ പ്രദേശവാസികൾ എന്നിവരുടെയും ഒരുമിച്ചുള്ള പ്രവർത്തനമാണ് ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും നിദാനമായത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം നടത്തപ്പെടുന്ന അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങൾ, ഹൈടെക് ക്ലാസ്മുറികൾ,മികച്ച ലൈബ്രറി,ലബോറട്ടറി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിന്റെ അഭ്യുന്നതിക്ക് കാരണമായിട്ടുണ്ട്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ 10 ഫുൾ എപ്ലസ് ഗ്രേഡോടെ 100% വിജയം കൈവരിക്കുകയുണ്ടായി.വിവിധ സ്കോളർഷിപ്പുകളിലും മത്സരപരീക്ഷകളിലും കുട്ടികൾ വിജയം കൈവരിച്ചു.

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങൾ വളർച്ചയുടെ പാതയിലാണ്.മങ്ങാട് ഹയർസെക്കന്ററി സ്കൂളും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗാത്മക ശേഷിയെ കണ്ടെത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിനും നിരവധി പ്രവർത്തനങ്ങൾ ചെയ്തുപോന്നു.കലാകായിക ശാസ്ത്ര സാമൂഹിക പ്രവൃത്തിപരിചയപഠനങ്ങളിൽ കുട്ടികളുടെ താത്പര്യവും പങ്കാളിത്തവും ഉറപ്പുവരുത്തുക,പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് കുട്ടികളെ നയിക്കുക,വ്യത്യസ്ത ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ അവരിലെ സർഗപരമായ ശേഷികൾ പ്രകടിപ്പിക്കുന്നതിന് അവസരം നൽകുക തുടങ്ങി സമസ്ത മേഖലകളിലേക്കും അവരെ നയിക്കുന്നതിന് കഴിയുന്നുണ്ട്.ക്രമീകൃതമായ വിലയിരുത്തലും നിരന്തരമൂല്യനിർണയവും നടത്തുക വഴി കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ കണ്ടെത്തി പഠനപിന്തുണ നൽകുന്നതിനും കഴിയുന്നുണ്ട്.

വർണോദ്യാനവും പച്ചക്കറികൃഷിയും ഔഷധത്തോട്ടവും ഫലവൃക്ഷങ്ങളും വളർത്തുന്നതിലൂടെ വിദ്യാലയത്തിൽ ഹരിതാന്തരീക്ഷവും ശുദ്ധവായുവിന്റെ ലഭ്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്.ശുചിത്വമിഷന്റെയും പരിസ്ഥിതി ക്ലബ്ബിന്റെയും പ്രവർത്തനം ജില്ലാതലത്തിൽ ശ്രദ്ധ നേടിയിട്ടുണ്ട്.വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും നൈപുണികളും ധാരണകളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ രൂപപ്പെടുത്തി കുട്ടികളെ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്തുവാൻ പര്യാപ്തമായ പഠനപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുവാൻ നമ്മുടെ സ്കൂളിനും കഴിയേണ്ടതുണ്ട്.കഴിഞ്ഞകാലങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പ്രതിനിധാനം ചെയ്യുന്നവരുടെയും പിന്തുണയും പ്രോത്സാഹനവും ഇക്കാര്യങ്ങളിൽ ലഭ്യമായിട്ടുണ്ട്.പിറ്റിഎ യുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പ്രദേശവാസികളുടെയും പിന്തുണയും പ്രോത്സാഹനവും കൂടുതൽ ലഭ്യമാകേണ്ടതുണ്ട്.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ. ഹയർ സെക്കന്ററി സ്കൂൾ മങ്ങാട് |
| വിലാസം | മങ്ങാട് പി.ഒ ,കൊല്ലം- 691015 |
| ഫോൺ | 0474 2712797 |
| സ്കൂൾ കോഡ് | 41029 (എച്ച്.എസ്)<br>2019 ( എച്ച്.എസ്.എസ്) |
| വിദ്യാഭ്യാസജില്ല | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | കൊല്ലം |
| റവന്യൂജില്ല | കൊല്ലം |
| ബി.ആർ.സി | കൊല്ലം |
| സി.ആർ.സി | കോയിക്കൽ |
| കോർപ്പറേഷൻ | കൊല്ലം |
| നിയമസഭാമണ്ഡലം | കൊല്ലം |
| ലോകസഭാമണ്ഡലം | കൊല്ലം |
| താലൂക്ക് | കൊല്ലം |
| വില്ലേജ് | മങ്ങാട് |
| ഇ-മെയിൽ | kollam41029@gmail.com |
| സ്കൂൾ വിക്കി | Kollam ( Revenue District)<br>Kollam(Educational District)<br>GHSMangad |
| സ്കൂൾ സ്ഥാപിച്ച വർഷം | 1913 |
| യു.പി നിലവിൽ വന്ന വർഷം | 1913 |
| ഹൈസ്കൂൾ നിലവിൽ വന്ന വർഷം | 1962 |
| ഹയർ സെക്കന്ററി നിവിൽ വന്ന വർഷം | 1998 |

# കുട്ടികളുടെ എണ്ണം

| വർഷം | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| 2017-18 | 37 | 42 | 56 | 59 | 75 | 89 |
| 2018-19 | 39 | 42 | 47 | 73 | 67 | 79 |
| 2019-20 | 44 | 48 | 44 | 72 | 71 | 66 |
| 2020-21 | 32 | 53 | 57 | 51 | 70 | 71 |
| 2021-22 | 45 | 48 | 65 | 76 | 55 | 70 |
| 2022-23 | 49 | 59 | 52 | 84 | 77 | 59 |
| 2023-24 | 39 | 59 | 57 | 61 | 81 | 72 |
| 2024-25 | 31 | 42 | 60 | 56 | 59 | 74 |
| 2025-26 | 32 | 36 | 44 | 73 | 60 | 58 |

# അധ്യാപക-അനധ്യാപകർ

| തസ്തിക | എണ്ണം |
|---|---|
| ഹെഡ്മിസ്ട്രസ് | 1 |
| എച്ച്.എസ്.റ്റി | 9 |
| യു.പി.എസ്.റ്റി | 7 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| എഫ്.റ്റി.സി.എം | 1 |

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഒരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടികൾക്ക് ലഭ്യമായെന്ന് ഉറപ്പ് വരുത്തുക.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിലും ആശയവിനിമയം നടത്താനുള്ള ശേഷികൾ വളർത്തുക.
- ഐ.സി.റ്റി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൌതിക സൌകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിശാസ്ത്രജ്ഞരെ വാർത്തെടുക്കുക
- ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുക
- ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കുക
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൌതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക.
- പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കുക.
- പരസ്പരസഹകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക
- പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൌതിക സാഹചര്യങ്ങൾ ഒരുക്കുക
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- പരിസ്ഥിതി സൌഹൃദമനോഭാവം വളർത്തുക
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിന് പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൌൺസിലിംഗ് സൌകര്യങ്ങൾ ഒരുക്കുക.
- പൂർവവിദ്യാർഥികളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക. കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- ലൈബ്രറിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- കുട്ടികളുടെ കായികക്ഷമത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- തൊഴിൽ പരിശീലനം കാര്യക്ഷമമാക്കുക.
- ക്ലബ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുക
- കുട്ടികളിൽ സഭാകമ്പം കൂടാതെ പരിപാടികൾ അവതരിപ്പിക്കാനുള്ള ക്ഷമത വർദ്ധിപ്പിക്കുക
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും പോഷകപ്രദവുമാക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കോർപ്പറേഷന്റെ പരിധിയിൽ ഉൾപ്പെടുന്നതും ബൈപാസിനു സമീപത്തു സ്ഥിതി ചെയ്യുന്നതുമായ പ്രശാന്തസുന്ദരമായ വിദ്യാലയമാണ് മങ്ങാട് ഗവ.ഹയർ സെക്കന്ററി സ്കൂൾ. ഒരു കാലത്ത് മൺകട്ടകളും കാടും നിറഞ്ഞിരുന്ന സ്ഥലമാണ് പിന്നീട് ' മങ്ങാട് ' ആയി മാറിയതെന്നാണ് ചരിത്രം. അഷ്ടമുടിക്കായലും ഈ വിദ്യാലയത്തിൽ നിന്ന് ഏറെ അകലെയല്ല. രാജകീയപ്രൌഢിയുടെ ഓർമ്മകൾ പങ്കു വയ്ക്കുന്ന പുരാവസ്തുശേഖരങ്ങൾ കണ്ടെത്തിയ നാട് കൂടിയാണ് മങ്ങാട്.

മത്സ്യബന്ധനവും കയർനിർമ്മാണവും ജീവനോപാധിയാക്കിയിരുന്ന അധ്വാനിക്കുന്ന തൊഴിലാളിവർഗം ഈ നാടിന്റെ മുഖമുദ്രയായിരുന്നു. പരമ്പരാഗതരീതിയിലുള്ള ഇവിടുത്തെ കയർ നിർ മ്മാണമാണ് മങ്ങാടൻ കയറായി പിൽക്കാലത്ത് പ്രസിദ്ധമായത്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ മുഖ്യസ്രോതസ് ഒരു കാലത്ത് മങ്ങാടൻ കയറിന്റെ വ്യാപാരമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് (1913) വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും കേളി കേട്ട മങ്ങാടിന്റെ തിലകക്കുറിയായി ആരംഭിച്ച പ്രൈമറി സ്കൂൾ 1960 ൽ ഹൈസ്കൂളായിട്ടും 1998 ൽ ഹയർ സെക്കന്ററി ആയിട്ടും ഉയർത്തപ്പെട്ടു. വിവിധ മേഖലകളിൽ മികവു തെളിയിച്ച ധാരാളം മഹത് വ്യക്തികൾ ഈ സ്കൂളിലെ പൂർവവിദ്യാർഥികളായിരുന്നു. 110 വർഷം പിന്നിട്ട ഈ വിദ്യാലയം കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക്കായി മാറിക്കഴിഞ്ഞു. എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനങ്ങളുണ്ട്. വിശാലമായ ലൈബ്രറി, മികച്ച ലബോറട്ടറി സംവിധാനങ്ങൾ , ആധുനിക രീതിയിലുള്ള ശുചിമുറികൾ, പാചകപ്പുര, ഡൈനിങ് ഹാൾ എന്നിവയും മരത്തണലുകളോടു കൂടിയ വിശാലമായ മുറ്റവും കളിസ്ഥലവും ഈ സ്കൂളിന്റെ പ്രത്യേകതകളാണ്. വിവിധയിനം ഫലവൃക്ഷങ്ങളോടു കൂടിയ ആരെയും ആകർ ഷിക്കുന്ന അതിമനോഹരമായ സ്കൂൾ ക്യാമ്പസ് മങ്ങാട് സ്കൂളിന്റെ പ്രത്യേകതയാണ്.



# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- സ്കൂളിനെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക
- കുട്ടിയുടെ സർവതോന്മുഖമായ വികസനത്തിന് ഉതകുന്നതാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിൽ വിദ്യാലയ അന്തരീക്ഷം അനുയോജ്യമാക്കുക .
- പാഠ്യ – പാഠ്യേതരപ്രവർത്തനങ്ങൾ കുട്ടിക്ക് ഇഷ്ടപ്പെടുന്നതും രസകരവുമായി മാറ്റുക
- കുട്ടികളിൽ നല്ല മനോഭാവവും മൂല്യങ്ങളും വളർത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- ഓരോ കുട്ടിയും അവന്റെ ശേഷിക്കനുസരിച്ച് ധാരണകൾ രൂപപ്പെടുത്തുന്നതിനും ശേഷികൾ പൂർണ്ണമായി വികസിപ്പിക്കുന്നതിനും അനുയോജ്യമായ രീതിയിൽ ക്ലാസ് അന്തരീക്ഷം രൂപപ്പെടുത്തുക
- പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തുല്യപരിഗണന കൊടുത്തു കൊണ്ട് ശേഷി വികാസം സാധ്യമാക്കാൻ വിദ്യാലയാന്തരീക്ഷം അനുരൂപപ്പെടുത്തുക
- പഠനം പൂർത്തിയാക്കി വിദ്യാലയത്തിൽ നിന്ന് പുറത്തു പോകുമ്പോൾ കുട്ടിയെ സമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കുക എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാൻ വിദ്യാലയം മികവിന്റെ കേന്ദ്രമായി ഉയർത്തുക.
- ശുചിത്വം, പ്രകൃതി സ്നേഹം, പാരിസ്ഥിതിക അവബോധം, ജീവകാരുണ്യം എന്നിവയെ സംബന്ധിച്ച കാഴ്ചപ്പാട് രൂപപ്പെടുത്തുക.
- അച്ചടക്കം, സാമൂഹിക അവബോധം, ചരിത്രബോധം, പൌരബോധം, ജനാധിപത്യ ബോധം എന്നിവയുള്ള ഉത്തമപൌരൻമാരെ വാർത്തെടുക്കുന്ന ഇടമായി സ്കൂളിനെ ഉയർത്തുക




# പദ്ധതിരൂപീകരണപ്രക്രിയ

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസനകാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സ്കൂൾ സമഗ്രവികസനരേഖ തയ്യാറാക്കുന്നതിനുമായി കൂടിയ എസ്.ആർ.ജി യോഗത്തിൽ മങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ "പ്രതീക്ഷ 2025" അവതരിപ്പിച്ചു. വികസനകാഴ്ചപ്പാട് ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി. വിദ്യാർഥികളുടെ സ്വപ്നങ്ങളും ആശയങ്ങളും പരിഗണിച്ച് കുട്ടികളുമായി സംവദിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി. ഈ വർഷം നടത്താനുള്ള പ്രവർത്തനപദ്ധതികൾ സൂക്ഷ്മമായി ആസൂത്രണം ചെയ്ത നടപ്പിൽ വരുത്തുന്നതിനും ധാരണയായി.**

# കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

## റിപ്പോർട്ട്

കുട്ടികളുടെ സമഗ്രവികാസം സാമൂഹിക ഉത്തരവാദിത്തമായി കരുതുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വ്യക്തിത്വവികസനത്തിനും സാമൂഹ്യപുരോഗതിക്കുമുള്ള പ്രഥമവും പ്രധാനവുമായ ഉപകരണമാണ് വിദ്യാഭ്യാസം. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വിഭിന്നവും സവിശേഷവുമായ കഴിവുകളുള്ള കുട്ടികളാണ് വിദ്യാലയത്തിൽ എത്തുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ സമൂഹം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും വൈജ്ഞാനിക രംഗത്തു ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊള്ളാനും അവയെ സമൂഹനന്മക്കായി പ്രയോജനപ്പെടുത്താനും തക്കശേഷികൾ എല്ലാ കുട്ടികളിലും വികസിക്കേണ്ടത് അനിവാര്യമാണ്.

സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. 23/05/2025 ലെ ഡി. ജി. ഇ. 10102/2025 ക്യ.ഐ.പി.1 പ്രകാരം വിഭാവനം ചെയ്ത 03/06/2025 മുതൽ 13/06/2025 വരെ ക്ലാസ് മുറികളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്തതും മൊഡ്യൂളുകൾ തയാറാക്കിയത് സ്കൂൾ റിസോഴ്സ് ഗ്രൂപ്പാണ്. കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിക്കാനുള്ള ഒരു പ്രവേശിക എന്ന നിലയിലാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കിയത്.

മയക്കുമരുന്ന് /ലഹരി ഉപയോഗത്തിനെതിരെ, ഗതാഗത നിയമങ്ങൾ, ,വ്യക്തിശുചിത്വം ,പരിസരശുചിത്വം,പൊതു ആരോഗ്യം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം,പരസ്പര സഹകരണത്തിന്റെ പ്രാധാന്യം എന്നി വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ക്ലാസുകൾ നടന്നത്. നാടകങ്ങൾ,റോൾപ്ലേ, ചർച്ച,പോസ്റ്ററുകൾ,പ്ലക്കാർഡുകൾ എന്നിവയിലൂടെ കുട്ടികളിലേക്ക് ഈ പൊതുധാരണകൾ എത്തിക്കാൻ സാധിച്ചു എന്നാണ് വിശ്വാസം. തുടർന്നും ഈ പ്രവർത്തനങ്ങൾ പാഠപുസ്തകങ്ങളിലെ പഠന സന്ദർഭങ്ങളെ ആസ്പദമാക്കി നടത്തി മുന്നോട്ടു കൊണ്ട് പോകാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

# നിലവിലെ അവസ്ഥാവിശകലനം

## അക്കാദമികം

**നേട്ടങ്ങൾ**

- കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനം വിജയം നേടാൻ കഴിഞ്ഞു. 10 പേർക്ക് ഫുൾ എ പ്ലസ് ലഭിച്ചു.
- സ്കൂൾ ഗ്രന്ഥശാല, ക്ലാസ് ഗ്രന്ഥശാല തുടങ്ങിയവ സുസജ്ജമായ രീതിയിൽ പ്രവർത്തിക്കുന്നു.
- കലാ കായിക പരിശീലനങ്ങൾ നല്ല രീതിയിൽ നടന്നു വരുന്നു.
- വിവിധ സ്കോളർഷിപ്പുകൾക്കായി കുട്ടികൾക്ക് മികച്ച പരിശീലനം നൽകി വരുന്നു.
- എസ്.പി.സി യൂണിറ്റ് ജീവകാരുണ്യപ്രവർത്തനങ്ങളടക്കം മികച്ച രീതിയിൽ സാമൂഹ്യസേവനം നടത്തി വരുന്നു.
- എസ്.പി.സി യുടെ നേതൃത്വത്തിൽ സ്കൂൾ ബാന്റിന്റെ പ്രവർത്തനം മികച്ചരീതിയിൽ നടന്നു വരുന്നു.
- ലിറ്റിൽ കൈറ്റ്സ് ക്ലബ് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു
- വിവിധ ക്ലബ് പ്രവർത്തനങ്ങൾ സജീവമായി നടന്നു വരുന്നു.





**പരിമിതികൾ**

- സാമ്പത്തികസഹായത്തിന്റെ ലഭ്യത കുറവ്
- കായിക അധ്യാപകന്റെ അഭാവം.
- ഡ്രോയിങ്, മ്യൂസിക്, പ്രവൃത്തി പരിചയം എന്നിവയ്ക്ക് സ്ഥിരമായി അധ്യാപകരില്ല.
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്.

## ഭൗതികം

**നേട്ടങ്ങൾ**

- ഹൈടെക് ക്ലാസ് മുറികൾ ,ഐ.ടി ലാബ്, ശാസ്ത്രം(ഫിസിക്സ്, കെമിസ്ട്രി, ബയോളജി), സാമൂഹ്യശാസ്ത്രം, ഗണിതം എന്നിവയ്ക്ക് ഓരോന്നിനും വെവ്വേറെ ലാബുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.
- ആധുനിക രീതിയിലുള്ള ശൌചാലയം , അടുക്കള, വർക്ക് ഏരിയ, ഡൈനിങ് ഹാൾ എന്നിവ നിലവിലുണ്ട്.
- വിശാലമായ ലൈബ്രറി, കൌൺസിലിങ് റൂം എന്നിവയും ഉണ്ട്.

- ഓഫീസ് റൂം, സ്റ്റാഫ് റൂം എന്നിവയും എല്ലാവിധ സൌകര്യങ്ങളും ഉള്ളവയാണ്.
- മനോഹരമായ മുറ്റവും വൃക്ഷത്തണലുകളും പച്ചപ്പ് നിറഞ്ഞ അന്തരീക്ഷവും ഈ സ്കൂളിന്റെ പ്രത്യേകതകളാണ്.
- നെല്ലി, മാവ്, പ്ലാവ്, മാതളം തുടങ്ങിയ ഒട്ടേറെ ഫലവൃക്ഷങ്ങളും ചെറിയ പൂന്തോട്ടവും ഉണ്ട്.





**പരിമിതികൾ**

- ഭാഷാപരമായി കൂടുതൽ പരിശീലനങ്ങൾ നൽകുന്നതിന് ഭാഷാലാബ് സജ്ജീകരിക്കേണ്ടതുണ്ട്.
- കുട്ടികളുടെ കലാപരമായ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അനുയോജ്യമായ ആർട്ട് ഗ്യാലറി, പ്രവൃത്തി പരിചയ പരിശീലനത്തിന് സൌകര്യപ്രദമായ വർക്ക്ഷോപ്പ് എന്നിവ കൂടി ആവശ്യമാണ്.
- നിലവിൽ ഐ.ടി ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ സൌകര്യങ്ങളില്ല.
- പച്ചക്കറിത്തോട്ടം നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലസൌകര്യങ്ങൾ ഉണ്ടെങ്കിലും അവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തി എടുക്കാൻ ഏറെ സാമ്പത്തികസഹായം ആവശ്യമാണ്.
- സയൻസ് , സോഷ്യൽ സയൻസ്, ഗണിത ലാബുകൾ ആധുനികവത്കരിക്കണം
- കായികപരിശീലനത്തിനുള്ള സ്ഥലപരിമിതി.
- പഴയ കെട്ടിടത്തിൽഉപയോഗശൂന്യമായ ഫർണിച്ചറുകളും മേൽക്കൂരയിൽ നിന്ന് ഇളകി വീണു കൊണ്ടിരിക്കുന്ന സീലിങ്ങിന്റെ ഭാഗങ്ങളും മറ്റു പാഴ്വസ്തുക്കളും ശരിയായ രീതിയിൽ നിർമാർജനം ചെയ്യാൻ കഴിയാത്തത് സുഗമമായ സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.
- മാലിന്യസംസ്കരണസംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട്.
- കൌൺസലിങ് റൂം കൂടുതൽ സൌകര്യപ്രദമാക്കേണ്ടതുണ്ട്.
- പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് , പച്ചക്കറി കൃഷി എന്നിവ അനുയോജ്യമായ രീതിയിൽ സജ്ജീകരിക്കേണ്ടതുണ്ട്.
- ഹെൽത്ത് ക്ലിനിക്ക് ആരംഭിക്കേണ്ടതുണ്ട്

# പദ്ധതി  വിശദാംശങ്ങൾ

## യു പി വിഭാഗം

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം : 1 | | | | |
| എല്ലാകുട്ടികളെയും മലയാളം വായിക്കാൻ പ്രാപ്തരാക്കുക | • പ്രീടെസ്റ്റ്<br>• ചിത്രവായന<br>• വായനാകാർഡ് വായന<br>• പത്രവായന<br>• അക്ഷര കാർഡ്<br>• ഭാഷാകേളി<br>• സൌഹൃദവായന<br>• ലൈബ്രറി ഉപയോഗം | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | |
| പ്രവർത്തനം : 2 | | | | |
| എല്ലാ കുട്ടികളേയും മലയാളം എഴുതാൻ പ്രാപ്തരാക്കുക | • പ്രീടെസ്റ്റ്<br>• അക്ഷര കാർഡ് നിർമ്മാണം<br>• പദനിർമ്മാണം<br>• ഭാഷാകേളി<br>• എഡിറ്റിംഗ്<br>• രചനാമത്സരങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | |
| പ്രവർത്തനം : 3 | | | | |
| സാഹിത്യലോകം പരിചയപ്പെടൽ | • സാഹിത്യകാരൻമാരെ കുറിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു<br>• സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു<br>• കൃതികൾ കണ്ടെത്തൽ<br>• ആസ്വാദനകുറിപ്പുകൾ പരിചയപ്പെടൽ<br>• ആസ്വാദനകുറിപ്പുകൾ തയ്യാറാക്കൽ<br>• ആത്മകഥകൾ പരിചയപ്പെടുത്തൽ-വായന<br>• ആൽബം തയ്യാറാക്കൽ<br>• അഭിമുഖങ്ങൾ<br>• ഡോക്യുമെന്ററി പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 4 | | | | |
| സർഗാത്മകതയെ ഉണർത്തൽ | • രചനാശിൽപശാലകൾ<br>• കഥ,കവിത രചനാമത്സരങ്ങൾ<br>• സർഗാത്മരചനകൾക്ക് വേദിയൊരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം സാഹിത്യവേദി | |
| പ്രവർത്തനം : 5 | | | | |
| കുട്ടികളെ കലോത്സവങ്ങളിൽ പങ്കെടുപ്പിച്ച് ഗ്രേഡ് നേടാൻ പ്രാപ്തരാക്കുക | • കലോത്സവ ഇനങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു<br>• സർഗവേളപീരീഡ് കലാപരിശീലനത്തിനായി ഉപയോഗിക്കുന്നു<br>• മെച്ചപ്പെട്ട പരിശീലനം നൽകുന്നു | ജൂൺ മുതൽ നവംബർ വരെ | വിദ്യാരംഗം സാഹിത്യവേദി | |
| പ്രവർത്തനം : 6 | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | ജനുവരി | എച്ച്.എം,എസ്ആർജി.,പിറ്റിഎ,അധ്യാപകർ | |



ENGLISH

| Aims | Activities | Duration | Duty | Fund |
|---|---|---|---|---|
| Activity :1 | | | | |
| To improve listening skill | • Listening to poem<br>• Skit and conversation<br>• Listening to phonetic sounds | Current academic year | English teachers | |
| Activity : 2 | | | | |
| To improve speaking skill | • English assembly<br>• Game interaction<br>• Skit and conversation<br>• Day celebration<br>• Speech on different topics<br>• Conducting quiz competition | June to March | Class teachers and English teachers | |
| Activity : 3 | | | | |
| To improve writing skill | • Library<br>• Reading corner<br>• Newspaper reading<br>• Picture reading<br>• Reading sign boards and posters | Daily | Class teachers and English teachers | |
| Activity : 4 | | | | |
| To improve writing skill | • Wall magazine<br>• Poster making<br>• Writing stories and speech on different topics<br>• Hand writing competition<br>• Diary writing<br>• Designing invitation cards and greeting cards | Monthly | English teachers | |
| Activity : 5 English corner | | | | |
| Creating a space for English in classroom for improving reading and writing skill | • Pasting and fixing activities of children,English news,Articles,word a day etc | Yearly | English teachers | |
| Activity : 6 Book Exhibition | | | | |
| Introducing English writers and poets | Exhibition of English books of Poets Authors and writers | January | English teachers | |
| Activity :7 Hello English | | | | |
| Do activities to | • Practice in reading poems | One year | English | |

| | | | | |
|---|---|---|---|---|
| improve the creative skills in children | • conducting speech competition<br>• games to improve vocabulary | | teachers and class teachers | |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രവർത്തനം : 1 അക്ഷരബോധം ഉറപ്പിക്കൽ | | | | |
| ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുന്നു.6,7 ക്ലാസ്സുകളിലെ കുട്ടികളിലെ കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നു | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുന്നു. ചിത്രങ്ങൾ,അക്ഷരമാല ചാർട്ട്,പ്രൊജക്ടർ ഉപയോഗിച്ച് അക്ഷര രചന കാണിക്കുക എന്നീ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| പ്രവർത്തനം : 2 ഹിന്ദി വായന | | | | |
| തെറ്റ് കൂടാതെ ഹിന്ദി വായിക്കുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർ ഷിപ്പിക്കുക,ഹിന്ദി ചിത്രകഥകൾ ഉൾ പ്പെട്ട സിഡി,താഴെ ഹിന്ദിയിൽ വാക്യമുള്ളവ, കാണിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| പ്രവർത്തനം : 3 ഹിന്ദി സംസാരം | | | | |
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ഭാഷ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക | ക്ലാസ്സിൽ മിക്കവാറും ഹിന്ദി മാത്രം ഉപയോഗിക്കുക. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുക. അധ്യാപകൻ ഹിന്ദി തെറ്റിച്ച് വായിക്കും,കുട്ടികൾ അത് ശ്രദ്ധയോടെ കേട്ട് ശരിയാക്കി വായിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## സോഷ്യൽ സയൻസ്

ഭൗതികവും സാമൂഹികവുമായ പരിസ്ഥിതിയുടെ പ്രവർത്തനങ്ങളെകുറിച്ചുള്ള പഠനമാണ് സാമൂഹിക ശാസ്ത്രം . അടിസ്ഥാനപരമായി ഇത് മനുഷ്യരെക്കുറിച്ചുള്ള പഠനമാണ്. സാമൂഹികപഠനം സ്കൂളുകളിൽ വളരെ പ്രധാനപെട്ടതാണ് . ഇത് പൗരബോധം വളർത്താനുംചരിത്രപരവും ഭൂമിശാസ്ത്രപരവുമായ അറിവ് നേടാനും നമ്മെ സഹായിക്കുന്നു. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നു . വിമര്ശനാത്മകചിന്ത വളർത്തുന്നു. ഭാവിയിലെ വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്നു .

ശാസ്ത്രത്തിന്റെ രീതി ജീവിതത്തിൽ ഉൾക്കൊള്ളുവാനും തന്റെയും ചുറ്റുപാടിലെയും വിവിധങ്ങളായ പ്രശ്നങ്ങളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സമീപിക്കാനും യുക്തിപൂർവ്വവും നിർദ്ധാരണം ചെയ്യുവാനും സാമൂഹ്യശാസ്ത്രപഠനം ഓരോ വിദ്യാർഥിയെയും സഹായിക്കുന്നു . അതോടൊപ്പം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടേയും മുൻവിധികളുടേയും സ്വാധീനത്തിൽ നിന്ന് മോചിതരാകുന്നതിനും സാമൂഹ്യശാസ്ത്ര പഠനം നമ്മെ സഹായിക്കുന്നു .

പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ , ആശയങ്ങൾ ഇവ പരിശോധിക്കൽ ,നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നല്കുന്നു .<br><br>ഓർമ്മച്ചെപ്പ്<br>അന്തർദേശിയ തലം മുതൽ ജില്ലാതലം വരയുള്ള നദികൾ, ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു . | അക്കാദമിക വർഷാരംഭം (ജൂൺ )<br><br>അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

### പ്രവർത്തനം 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | VIRTUAL FIELD TRIP | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | ICT സാദ്ധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു . | | |

## പ്രവർത്തനം 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ ,വാർഡ് സഭ എന്നിവയിൽ മതാപിതാക്കളോടൊപ്പം പങ്കെടുത്തു ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

## പ്രവർത്തനം 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ചു മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിതാണ്ഡവം നേർക്കാഴ്ച്ച ഭൂകമ്പം,സുനാമി , കൊടുങ്കാറ്റ് ,വെള്ളപ്പൊക്കം ,ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ചു മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു പഠിതാക്കളെ ബോധവാന്മാർക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പ്രവർത്തനം : 1 ലിറ്റിൽ സയന്റിസ്റ്റ് | | | | |
| • പഠനനേട്ടങ്ങളെ ശാസ്ത്രകണ്ടുപിടിത്തങ്ങളിലെത്തിക്കുക<br>• കുട്ടിശാസ്ത്രജ്ഞൻമാരെ വാർത്തെടുക്കുക | പരീക്ഷണങ്ങളും നൂതനാശയങ്ങളും അവതരിപ്പിക്കാൻ വേദിയൊരുക്കുന്നു | മാസത്തിലൊരിക്കൽ | ശാസ്ത്രക്ലബ്,പിറ്റിഎ ,പൂർവ്വവിദ്യാർത്ഥിക്കൂട്ടായ്മ,അധ്യാപകർ | |
| പ്രവർത്തനം : 2 REFLECTION(ശാസ്ത്രസെമിനാറുകൾ) | | | | |
| • പഠനാനുബന്ധപ്രവർത്തനങ്ങളിൽ പ്രത്യേപരിശീലനം നൽകുക<br>• പഠനനേട്ടങ്ങൾ ആർജ്ജിച്ച് പഠനലക്ഷ്യത്തിലേക്കെത്താൻ കുട്ടിയെ പ്രാപ്തനാക്കുക | യൂണിറ്റടിസ്ഥാനമാക്കി ശാസ്ത്ര സംബന്ധ സെമിനാറുകൾ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | ശാസ്ത്രാധ്യാപകർ | |
| പ്രവർത്തനം : 3 SPACE | | | | |
| • ആകാശനിരീക്ഷണത്തിൽ താത്പര്യം ജനിപ്പിക്കുകയും ജ്യോതിർഗോളങ്ങളെയും പ്രപഞ്ചത്തെയും കൂടുതലറിയാൻ കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു | • ആകാശ നിരീക്ഷണം സംഘടിപ്പിക്കുക<br>• ജ്യോതിശാസ്ത്ര ലാബ് നിർമ്മിക്കുക | വർഷത്തിലൊരിക്കൽ | ശാസ്ത്രക്ലബ്,പിറ്റിഎ ,പൂർവ്വവിദ്യാർത്ഥിക്കൂട്ടായ്മ,അധ്യാപകർ | 2.5 ലക്ഷം |
| പ്രവർത്തനം : 4 ശാസ്ത്രീയകൃഷി | | | | |
| • കാർഷികവൃത്തി,ശാസ്ത്രീയകൃഷി എന്നിവയിൽ ആഭിമുഖ്യം ജനിപ്പിക്കുക | • Budding,Layering,Graphting എന്നിവ ശാസ്ത്രീയമായി ചെയ്യുന്നു<br>• കാർഷിക മേഖലയിലെ വിദഗ്ധരുമായി അഭിമുഖം<br>• ജൈവവളവും ജൈവകീടനാശിനിയും നിർമ്മിക്കുന്നു<br>• കാർഷിക ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നു | 2025-26 | ശാസ്ത്രക്ലബ്,പിറ്റിഎ ,പൂർവ്വവിദ്യാർത്ഥിക്കൂട്ടായ്മ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 5 മെഡിക്കൽ ക്യാമ്പ് | | | | |
| • രോഗനിർണ്ണയം<br>• രോഗ പ്രതിരോധം | കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് തവണ | ശാസ്ത്രക്ലബ്,പിറ്റിഎ ,സന്നദ്ധസംഘടനകൾ | |
| പ്രവർത്തനം : 6 അന്നം അമൃതം | | | | |
| • സമീകൃതാഹാരം ശീലമാക്കുക,ഫാസ്റ്റ് ഫുഡ് സംസ്കാരം ഉപേക്ഷിക്കുക,പോഷക സമ്പന്നമായ നാടൻ ഭക്ഷണത്തിന്റെ ഉപയോഗശീലം വളർത്തുക | നാടൻഭക്ഷണത്തിന്റെ പ്രദർശനമേള സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് തവണ | ശാസ്ത്രക്ലബ്,പിറ്റിഎ , | |
| പ്രവർത്തനം : 7 പ്ലാസ്റ്റിക് മുക്ത വിദ്യാലയം | | | | |
| പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക | • പേപ്പർഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>• പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നു | വർഷം മുഴുവനും | ശാസ്ത്രക്ലബ്,പ്രവൃത്തിപരിചയ ക്ലബ്,പരിസ്ഥിതി ക്ലബ് | |
| പ്രവർത്തനം : 8 ഹെർബേറിയം | | | | |
| സസ്യങ്ങളിലെ ഇലകളുടെ ക്രമീകരണം തിരിച്ചറിയുന്നതിന് അവസരമൊരുക്കുന്നു | ഹെർബേറിയം നിർമ്മിക്കുന്നു | വർഷത്തിലൊരിക്കൽ | ശാസ്ത്രാധ്യാപകർ | |
| പ്രവർത്തനം : 9 SPECTRUM | | | | |
| ശാസ്ത്രീയ അറിവുകൾ കണ്ടെത്തി സർഗാത്മകതയുമായി ബന്ധിപ്പിക്കുന്നു | ശാസ്ത്ര മാഗസിൻ തയ്യാറാക്കുന്നു | വർഷത്തിലൊരിക്കൽ | ശാസ്ത്രക്ലബ് | |
| പ്രവർത്തനം : 10 യുറേക്കാ | | | | |
| ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുക | ക്ലാസ്സുകളിൽ ശാസ്ത്രമാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| പ്രവർത്തനം : 11 വിസ്മയയാത്ര | | | | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക | ഐസിറ്റി യുടെ സഹായത്തോടെ ശാസ്ത്ര | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ ശാസ്ത്ര കണ്ടെത്തലുകളുടെ വീഡിയോ പ്രദർശനങ്ങൾ | | | |
| പ്രവർത്തനം : 12 ശാസ്ത്രത്തിനൊപ്പം | | | | |
| • ഏറ്റവും പുതിയ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പരിചയപ്പെടുന്നു<br>• കാലത്തിനൊപ്പം മുന്നേറാൻ പ്രാപ്തരാക്കുന്നു | ഓരോ ആഴ്ചയിലേയും ശാസ്ത്രമുന്നേറ്റങ്ങളുടെ കൊളാഷുകൾ നിർമ്മിച്ച് ക്ലാസ്സ്ഗ്രൂപ്പുകൾ അവതരിപ്പിക്കുന്നു | ആഴ്ചയിലൊരിക്കൽ | ശാസ്ത്രാധ്യാപകർ | |
| പ്രവർത്തനം : 13 ശാസ്ത്രലാബ് സജ്ജീകരണം | | | | |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ശാസ്ത്രലാബ് മെച്ചപ്പെടുത്തുന്നു<br>• ക്ലാസ് റൂം ലാബ്<br>• ഹോം ലാബ് | വർഷത്തിലൊരിക്കൽ | ശാസ്ത്രക്ലബ്,പിറ്റിഎ, | |
| പ്രവർത്തനം : 14 ശാസ്ത്രമേളകൾ | | | | |
| ശാസ്ത്രം പ്രവർത്തനങ്ങളിലൂടെ പഠിക്കുക | • സ്കൂൾ തല ശാസ്ത്രമേള<br>• ഉപജില്ലാതല പങ്കാളിത്തം | വർഷത്തിലൊരിക്കൽ | ശാസ്ത്രക്ലബ് | |
| പ്രവർത്തനം : 15 ശാസ്ത്രയാൻ | | | | |
| ശാസ്ത്രനേട്ടങ്ങൾ പരിചയപ്പെടുത്തുക | ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ സന്ദർശിക്കുന്നു | വർഷത്തിലൊരിക്കൽ | ശാസ്ത്രാധ്യാപകർ,പിറ്റിഎ | |



# ഗണിതം

ശാസ്ത്രങ്ങളുടെ രാജ്ഞിയാണ് ഗണിതം.ഗണിതം ലളിതവും അതിമധുരവുമാണ്.ഗണിതശാസ്ത്രം കുട്ടികളിൽ അച്ചടക്കം,ഏകാഗ്രത,സ്ഥിരോത്സാഹം എന്നിവ വളർത്തുന്നു.ഗണിതപഠന സമീപനം പൂർണ്ണമായും കുട്ടികളിൽ സ്വയമേ അറിവ് നിർമ്മിക്കുന്ന തരത്തിലായിരിക്കണം.ഗണിതപഠനം രസകരവും ആസ്വാധനകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽകണ്ടുകൊണ്ട് തന്നെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗസഹായിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക,ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക,ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക,യുക്തിചിന്ത,ഗണിതചിന്ത,വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക എന്നീ ലക്ഷ്യങ്ങൾ ഉൾക്കൊണ്ടാണ് ഈ മാസ്റ്റർപ്ലാനിൽ ഗണിതത്തിന് സ്ഥാനം നൽകിയിട്ടുള്ളത്.

| പ്രവർത്തനം : 1 | ഗണിതശിൽപ്പശാല | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പുവരുത്തുന്ന | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ്,മുത്തുകൾ, .....ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| പ്രവർത്തനം : 2 ഒറിഗാമി ശിൽപ്പശാല | | | | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| പ്രവർത്തനം : 3 ഗണിതലാബ് സജ്ജമാക്കൽ | | | | |
| ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ സജ്ജമാക്കിയ ലാബ് നവീകരിക്കുക,ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബിലെ അംഗങ്ങളും | |
| പ്രവർത്തനം : 4 ഗണിതക്ലിനിക്ക് | | | | |
| ഗണിതത്തിൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന | ആഴ്ചയിൽ | ഗണിത | |

| | | | | |
|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഒരു പീരീഡ് | അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| പ്രവർത്തനം :5 ഐ ടി സാധ്യതകളിലൂടെ | | | | |
| ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയരൂപങ്ങൾ,ചതുഷ് ക്രിയകൾ,ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| പ്രവർത്തനം : 6 ഗണിതമൂല | | | | |
| ഗണിതപഠനം രസകരമാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ചാർട്ടുകൾ,ഗണിതരൂപങ്ങൾ,പ്രോജക്ടുകൾ എന്നിവ ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബിലെ അംഗങ്ങളും | |
| പ്രവർത്തനം : 7 ഗണിതനിഘണ്ടു | | | | |
| ഗണിതശേഷികൾ നേടുന്നതിനും പുതിയ ഗണിതപദങ്ങൾ പരിചയപ്പെടുന്നതിനും വിശകലനം ചെയ്യുന്നതിനും | പരിചയപ്പെടുന്ന പുതിയ ഗണിതരൂപങ്ങളെ അക്ഷരക്രമത്തിൽ എഴുതി നിഘണ്ടു രൂപത്തിൽ തയ്യാറാക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ,വിദ്യാർത്ഥികൾ | |
| പ്രവർത്തനം : 8 ഗണിതവിസ്മയം | | | | |
| കുട്ടികളുടെ സർഗപരമായകഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ തലഗണിതമേള സംഘടിപ്പിക്കുന്നു.ഗണിതമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു | തത്സമയ നിർമ്മാണമത്സരങ്ങൾ (ജ്യോമട്രിക്കൽ ചാർട്ട്,നമ്പർ ചാർട്ട്,സ്റ്റിൽ മോഡൽ,പസിൽ,ഗെയിം...)നടത്തി കുട്ടികളെ കണ്ടെത്തി മതിയായ പരിശീലനം നൽകുന്നു | ജൂൺ-ഒക്ടോബർ | ഗണിത അധ്യാപകർ,ഗണിതക്ലബ് | |

# പദ്ധതി വിശദാംശങ്ങൾ

## എച്ച്.എസ്.വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം:1 പ്രാദേശിക ചരിത്രം | | | | |
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ചരിത്രം തയ്യാറാക്കൽ കൈയ്യെഴുത്ത് തയ്യാറാക്കൽ | ഓരോ വിദ്യാലയത്തിനും അത് സ്ഥിതി ചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്.രേഖാചിത്രങ്ങളിലൂടെയും കൈയ്യെഴുത്തിലൂടെയും രേഖപ്പെടുത്തുന്നു | എസ്.എസ്.ജി, പി.റ്റി.എ | വർഷത്തിൽ ഒരു പ്രാവശ്യം | |
| പ്രവർത്തനം:2 ശില്പശാല മേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികസനം | | | | |
| സർ ഗാത്മകരചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | • കവിയരങ്ങ്<br>• കഥയരങ്ങ്രചനാശില്പശാല | വിദ്യാരംഗം | ദ്വൈമാസ പരിപാടി | |
| പ്രവർത്തനം:3 പദപ്രശ്നനിർമ്മാണം | | | | |
| കുട്ടികളുടെ ഭാഷാപഠനം | • മലയാളത്തിൽ പദപ്രശ്നം നിർമ്മിക്കുന്നു<br>• ഉത്തരം കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു | ഭാഷാധ്യാപകർ | പ്രതിമാസപരിപാടി | |
| പ്രവർത്തനം :4 സാഹിത്യവിനോദങ്ങൾ | | | | |
| വിവിധതരം സാഹിത്യവിനോദങ്ങളെ കുറിച്ച് അറിയുന്നതിന് | കഥ,കവിത,നോവൽ,നാടകം,ലേഖനം,തുടങ്ങി വിവിധ സാഹിത്യ വിഭാഗങ്ങളെപ്പറ്റിയും അവയുടെ പ്രത്യേകതകളെപ്പറ്റിയും മനസ്സിലാക്കുന്നതിന് അവസരം നൽകുന്നു | എസ്.എസ്.ജി,മലയാളം അധ്യാപകർ | ദ്വൈവാരപരിപാടി | |
| പ്രവർത്തനം :5 അഭിമുഖങ്ങൾ മേഖല: സർഗശേഷിവികസനം | | | | |
| സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാർ,കലാകാരൻമാർ എന്നിവരുമായി അഭിമുഖം നടത്താൻ അവസരം നൽകുന്നു | എസ്.എസ്.ജി | വാർഷികപരിപാടി | |
| പ്രവർത്തനം:6 ക്ലാസ്റൂം ലൈബ്രറി മേഖല: ഭാഷാപഠനം | | | | |
| ഓരോ ക്ലാസ്സുറികളിലെയും ലൈബ്രറിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ക്ലാസ്റൂം ലൈബ്രറി സംവിധാനത്തിലൂടെ എല്ലാ കുട്ടികളിലും വായനാശീലം വളർത്തുന്നതിനായി കുട്ടികളുടെ ലൈബ്രേറിയനെ കണ്ടെത്തി കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുക | സ്കൂൾ ലൈബ്രേറിയൻ | ദ്വൈവാരപരിപാടി | |

# ENGLISH

| Aim | Activities | Duration | Charge |
|---|---|---|---|
| 1. Introducing various methods to improve their ability in speaking english language.Identifying children who are not able to read and write in english | Activities related with english such as crossword puzzles,word games,creating stories from pictures,making simple sentences connected with daily activities must be given | 1 month | English teachers |
| 2. Development of skills- Listening , speaking, reading and writing. | Communicative English classes can be given . Children acquire them through games and fun filled activites. In classroom children can be given the opportunity to hear speeches in english, listening to poems,reading newspaper in assemblies , giving short speeches , writing posters and notices for various days observed in school | Along with classroom activities throughout the year | English teachers and class teachers |
| 3. Development of creative skills | making story stripes, comic stripes , cartoons based on lessons,english assemblies , roleplay skit | classroom activities throughout the year | english club |
| 4. Enabling learners to read write and speak independently | Book reviews , observing days associated with english .making newspaper related to events happened in school .preparation of class magazine based on the various work in english textbook | monthly<br>yearly | english club<br>english teacher |
| 5. Development of literary and Dramatical skill | Recitation , poem writing competition.listening to poets and their poems,writing appreciations, script writing,drama's based on the lessons | yearly | english club<br>english teacher |

| | | | |
|---|---|---|---|
| 6. English corner | Creating a space for english in class to display the creative skills and the activities based on the lesson,arranging english books as a part of class library | classroom activities | class teacher<br><br>english teacher<br>librarian |
| 7. English language learning using ICT | watching famous english films,listening to native speakers,interviews of writers and writers,listening to podcast | yearly | english club |

## ഹിന്ദി

സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കേണ്ടതുണ്ട് . ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെടുക്കേണ്ടതുണ്ട് .ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട് .ഹിന്ദി പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കാം .ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു .

### പ്രവർത്തനം 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും ഭാഷാപരമായ അടിസ്ഥാനശേഷി ആർജിക്കുക | ചാർട്ടുകളുടെ സഹായത്തോടെ അക്ഷരം , ചിഹ്നം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം നൽകുക .വായനാമത്സരം നടത്തുക | ജൂൺ- ജൂലൈ | ഹിന്ദി അദ്ധ്യാപിക |

### പ്രവർത്തനം 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ദിവസങ്ങളുടെ പേര്, എണ്ണൽ സംഖ്യ, നിറങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | കുട്ടികളുടെ ജനനത്തീയതിയെ അടിസ്ഥാനമാക്കി വർക്ക് ഷീറ്റുകളിലൂടെ പരിശീലനം നൽകുന്നു . പൂവുകൾ നൽകി നിറങ്ങൾ തിരിച്ചറിയുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപിക |

### പ്രവർത്തനം 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക . | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക<br>ICT സഹയാത്തോടെ വസ്തുക്കളും, വാക്കുകളും , മറ്റും പരിശീലിക്കാനുമുള്ള അവസരം. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപിക |

### പ്രവർത്തനം 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുക .നാമം, സർവ്വനാമം ,വിശേഷണം | വർക്ക് ഷീറ്റുകൾ നൽകുന്നു . ചിത്ര പുസ്തകങ്ങൾ നൽകുന്നു . ചാർട്ടുകൾ നൽകി അതിൽ നിന്നും സർവ്വനാമം , വിശേഷണങ്ങൾ എന്നിവ കണ്ടെത്തുന്നു .സൂചനാ ബോർഡുകൾ എഴുതി | ഒക്ടോബർ - നവംബർ | ഹിന്ദി അദ്ധ്യാപിക |

| | | | |
|---|---|---|---|
| എന്നിവ മനസിലാക്കിക്കുക .<br>വാക്യഘടന<br>പരിചയപ്പെടുത്തുന്നു.<br>. | ക്ലാസ്സിൽ പ്രദർശിപ്പിക്കാൻ പറയുന്നു. | | |

## പ്രവർത്തനം 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പോസ്റ്റർ തയ്യാറാക്കൽ അറിയുന്നു . കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കൽ അറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു .ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനകുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു | നവംബർ - ഡിസംബർ | ഹിന്ദി അദ്ധ്യാപിക |

## പ്രവർത്തനം 6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി വാരാഘോഷം മികച്ച രീതിയിൽ നടത്തുന്നു . | പദ്യം ചൊല്ലൽ , കഥ, കവിത , രചന , പോസ്റ്റർ നിർമാണം ഇവ സംഘടിപ്പിക്കുന്നു . നാടകം അവതരിപ്പിക്കുന്നു . | ജനുവരി - ഫെബ്രുവരി | ഹിന്ദി അദ്ധ്യാപിക |

## പ്രവർത്തനം 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു .കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു .ഡയറി എഴുതുവാൻ അറിയുന്നു . | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു . കഥാപാത്രങ്ങളുടെ ഡയറി എഴുതുവാൻ നിർദേശം നൽകുന്നു . | ജനുവരി - ഫെബ്രുവരി | ഹിന്ദി അദ്ധ്യാപിക |



## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# ഭൌതികശാസ്ത്രം രസതന്ത്രം

ശാസ്ത്രീയമായി ചിന്തിക്കുന്നതിനും ജീവിക്കുന്നതിനും കുട്ടിയെ പര്യാപ്തമാക്കത്തക്ക വിധം ശാസ്ത്രത്തോട് താല്പര്യം ജനിപ്പിക്കുന്നതിനും ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങളാണ് ഇൗ വർഷത്തെ അക്കാദമിക മാസ്റ്റർപ്ളാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രവസ്തുതകൾ അന്വേഷിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക എന്നത് ഒരു ശാസ്ത്ര വിദ്യാർഥിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.ഇതിനു വേണ്ടി ക്ളാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കുട്ടിക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒട്ടേറെ അവസരങ്ങൾ മാസ്റ്റർപ്ളാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടിയുടെ സമഗ്രവും സമ്പൂർണവുമായ വികസനത്തിന് ഉതകും വിധം ശാസ്ത്രബോധം വളർത്തുക എന്നതാണ് മാസ്റ്റർ പ്ളാനിലൂടെ ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണത്തിലൂടെ അവതരണം.<br>• സ്കൂൾതല എക്സിബിഷൻ.<br>• ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം സർവ്വെ,അഭിമുഖം,നിരീക്ഷണം എന്നിവയിലൂടെ | • ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>• വർഷത്തിൽ ഒന്ന്<br>• ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | സയൻസ് അധ്യാപകർ<br>പി.ടി.എ |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | സയൻസ് ലാബ് ശുചീകരണം, നവീകരണം.<br>ശാസ്ത്രമാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | സയൻസ് അധ്യാപകർ |
| പരിസ്ഥിതി സൗഹൃത മനോഭാവം വളർത്തുക. | സമ്പൂർണ പ്ളാസ്റ്റിക് നിരോധിത ക്യാമ്പസ്.തണൽ വൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ,പച്ചക്കറികൾ എന്നിവ നട്ട് പരിപാലിക്കൽ. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | സയൻസ് അധ്യാപകർ |
| അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | സംസ്ഥാന,ദേശീയ തലത്തിലുള്ള ക്വിസ്,സെമിനാർ,പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>ശ്സ്ത്രകാരൻമാരുമായി സംവദിക്കുന്നു.<br>INSPIRE,YIP പദ്ധതികളിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷത്തിൽ ഒരു തവണ. | സയൻസ് ക്ളബ്ബ്. | സയൻസ് അധ്യാപകർ.<br>പി.ടി.എ |
| മോഡൽ നിർമാണം ശില്പശാല | ശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കി മോഡലുകൾ നിർമിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒരു തവണ | സയൻസ് ക്ളബ്ബ് | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| പഠനപിന്നോക്കാവസ്ഥയിലുള്ള കിട്ടികൾക്ക് പരിശീലനം | അധ്യാപകൻ-കുട്ടി<br>കുട്ടി-കുട്ടി എന്നിങ്ങനെ പരിശീലിക്കുന്നു. | അഴ്ചയിൽ രണ്ട് ദിവസം | സയൻസ് അധ്യാപകർ, SRG | സയൻസ് അധ്യാപകർ. |
| ഫീൽഡ് ട്രിപ്പ് | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ |



# ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| **I.**<br>**1.** കുട്ടികളിൽ കൃഷിയും ,കൃഷി രീതികളും ഒരു ജീവിതാനുഭവമാക്കി മാറ്റാൻ സഹായിക്കുക.<br>**2.** മികച്ച കുട്ടി കർഷകരെ (മികച്ച വിദ്യാർത്ഥി കർഷകരെ ) വളർത്തിക്കൊണ്ടു വരിക.<br>**3.** നൂതന കാർഷിക സംരംഭങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിലൂടെ അവരിൽ സ്വാശ്രയത്വം വളർത്താൻ സഹായിക്കുക, ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശാക്തീകരിക്കുക,പുതിയ തലമുറയെ കൃഷിയിലേക്കു ആകർഷിക്കുക. | നിങ്ങളുടെ പ്രദേശത്തെ സാധാരണ കണ്ടു വരുന്ന സസ്യ രോഗങ്ങൾ ഏതെല്ലാമാണെന്നു കണ്ടെത്തി,അവയുടെ രോഗകാരികൾ ,ലക്ഷണങ്ങൾ ,രോഗപ്പകർച്ച ാ രീതികൾ എന്നിവ പട്ടികപ്പെടുത്തി ഒരു സചിത്ര ചാർട്ട് തയാറാക്കുകബുള്ളറ്റിൻ ബോർഡിൽ അത് പ്രദർശിപ്പിക്കുക.<br>നിങ്ങളുടെ പ്രദേശത്തെ കർഷകർക്ക് ജോലി ഭാരം കുറയ്ക്കാനും ,ലഘൂകരിക്കാനും സഹായിക്കുന്ന ഒരു നവീന ഉപകരണത്തിന്റെ മാതൃക തയാറാക്കുക. | ജീവ ശാസ്ത്ര അധ്യാപകർ, പരിസ്ഥിതി ക്ലബ് അംഗങ്ങൾ. | ആറു മാസത്തിൽ ഒരിക്കൽ. | കുട്ടികളുടെയും അധ്യാപകരുടെയും കൂട്ടായ പരിശ്രമം. |
| **II.** സ്ഥല പരിമിതി മറികടക്കാനുതകുന്ന നൂതന മാർഗമായ വെർട്ടിക്കൽ ഫാർമിംഗ് രീതികൾ സമൂഹത്തിനു പ്രയോജനപ്പെടുത്താൻ കഴിയത്തക്ക വിധം കർഷകരായ മാതാപിതാക്കൾക്ക് ഒരു അവബോധന ക്ലാസ് സംഘടിപ്പിക്കുക (കുട്ടികളുടെ | കുട്ടികൾ നിർമ്മിച്ച വെർട്ടിക്കൽ ഫാർമിംഗ് സംവിധാനത്തിന്റെ ചിത്രവും അതിന്റെ നിർമ്മാണത്തെക്കുറിച്ചു ഒരു ലഘു വിവരണവും കർഷകരായ മാതാപിതാക്കൾക്ക് ഒരു അവബോധന ക്ലാസും സംഘടിപ്പിച്ച | ജീവ ശാസ്ത്ര അധ്യാപകൻ ,മറ്റു അധ്യാപകർ | അധ്യയന വർഷത്തിൽ ഒരിക്കൽ | |

| | | | | |
|---|---|---|---|---|
| നേതൃത്വത്തിൽ) | കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. (ഉദാഹരണത്തിനു , ചാക്കിലെ കൃഷി, അക്വാപോണിക്സ് ,പെറ്റ ബോട്ടിൽ കൃഷി, വെർട്ടിക്കൽ കൃഷി ചെടിച്ചട്ടിയിൽ കൃഷി , ടെറസ് കൃഷി എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു.) | | | |
| **III.**ശരീര ധർമം ശാസ്ത്ര പഠനം കുട്ടികളുടെ ഭാവി രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് എങ്ങനെ എന്ന് മനസിലാക്കി ,മികച്ച ജീവിത മാർഗം ,സാമൂഹിക സേവന തല്പരത എന്നിവ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക , അതിനാവശ്യമായ ബോധനങ്ങൾ കുട്ടികൾക്ക് നൽകുക ,അവ ആർജ്ജിച്ചു എടുക്കാൻ കുട്ടികളെ സഹായിക്കുക. | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള രോഗ നിർണയം ,ഇമേജിങ് സാങ്കേതിക വിദ്യകൾ ,ഡിപ്ലോമ കോഴ്സുകൾ ,എം ബി ബി സ് ,എം ഡി തുടങ്ങി മെഡിക്കൽ മേഖലയെ കുറിച്ച് ഒരു പഠന കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. കൂടാതെ ഈ രംഗത്തെ ജോലി സാധ്യതകളെ കുറിച്ച് ഒരു സെമിനാർ കുട്ടികൾക്ക് നൽകുക.അങ്ങനെ ജീവ ശാസ്ത്ര മേഖലയിലെ വിവിധ രംഗങ്ങൾ ഭാവി ജീവിതത്തിനു ഉപയുക്തമാകാൻ കുട്ടികൾക്ക് സാധിക്കുന്നു. | ജീവശാസ്ത്ര അധ്യാപകർ | ഹൈസ്കൂൾ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും വേണ്ടി അക്കാഡമിക വർഷത്തിന്റെ അവസാന പാദത്തിൽ | |
| **IV** കൃഷിയിൽ സ്വയം പര്യാപ്തരാകുക,സ്കൂൾ | വിവിധ ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികളെ മുൻനിർത്തി | ശാസ്ത്രാധ്യാപകർ, മറ്റധ്യാപകർ,ക്ലബ് കൺവീനർമാർ | വർഷത്തില ൊരിക്കൽ | |

| | | | | |
|---|---|---|---|---|
| പരിസരം വൃത്തിയായും ,വെടിപ്പായും സൂക്ഷിക്കുക ,സ്കൂൾ പരിസരം പ്രയോജനപ്പെടുത്തി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് ആവശ്യമായ പച്ചക്കറികൾ ,ഇലക്കറികൾ,മറ്റു ഔഷധ സസ്യങ്ങൾ എന്നിവ നട്ടു നനച്ചു വളർത്തുന്നതിലൂടെ വിഷരഹിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്തുന്നതിനും കൂടാതെ കുട്ടിക്കർഷകർ ആകാനുള്ള പ്രായോഗിക ജ്ഞാനം കുട്ടികൾക്ക് ലഭ്യമാകുക എന്നിവ. | കൃഷിത്തോട്ടം സജ്ജമാക്കൽ,പരിചരണം,വളമിടൽ,വിളവെടുക്കൽ എന്നിവയ്ക്കു സഹായിക്കൽ എന്നിവ നടപ്പിലാക്കുക .ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച ഒരു കാർഷിക മാഗസിൻ കുട്ടിക്കർഷകരുടേതായി തയാറാക്കുക. | | | |



## ഗണിതം

കുട്ടികൾക്ക് ഏറ്റവും പ്രയാസമുള്ള വിഷയമാണ് ഗണിതം.ഗണിതത്തോടുള്ള താത്പര്യകുറവും അടിസ്ഥാനമില്ലായ്മയുമാണ് അതിന്റെ പ്രധാന കാരണം.ഈ ചിന്താഗതിയിൽ മാറ്റം വരുത്തുക, ഗണിതം മധുരമാണെന്ന് കുട്ടികളെ മനസ്സിലാക്കി എടുക്കുക എന്നിവയാണ് ഈ മാസ്റ്റർപ്ലാന്റെ പ്രധാന ലക്ഷ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം : 1 | | | | |
| പഠനവിടവ് നികത്തുക | • സംഖ്യാബോധം,ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• പ്രീടെസ്റ്റ് നടത്തുന്നു.<br>• ക്രിയകൾ ഉൾപ്പെടുന്ന ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു.<br>• ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഗ്രൂപ്പ് പ്രവർത്തനം നടത്തുന്നു | ജൂൺ | ഗണിത അധ്യാപകർ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| പ്രവർത്തനം : 2 ഗണിതലാബ് | | | | |
| ഗണിതത്തിൽ കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുക | • ഗണിതലാബ് നവീകരിക്കുന്നു.<br>• ഗണിതക്ലബ് രൂപീകരിക്കുന്നു<br>• ഗണിതലാബിലെക്ക് ആവശ്യമായ ചാർട്ട്,പഠനോപകരണങ്ങൾ എന്നിവ ഗണിതക്ലബ് അംഗങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കുന്നു | ജൂലൈ,ആഗസ്റ്റ് മാസങ്ങൾ | ഗണിത അധ്യാപകർ,ഗണിതക്ലബ് അംഗങ്ങൾ | |
| പ്രവർത്തനം : 3 ഗണിതക്ലിനിക്ക് | | | | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ ഗണിതത്തോട് താത്പര്യം ഉണ്ടാക്കുക | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പല ഗ്രൂപ്പുകളാക്കുന്നു.ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഗ്രൂപ്പ് ലീഡർമാരാക്കി പഠനപ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ,മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| പ്രവർത്തനം : 4 ഗണിതമൂല | | | | |
| പഠനപ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം | • ക്ലാസ്റൂം പ്രവർത്തനങ്ങളിലെ ഉൽപ്പന്നങ്ങൾ ക്ലാസ്സിൽ പ്രദർ | ജൂൺ മുതൽ മാർ | ഗണിത അധ്യാപകർ,ക്ലാസ്സ് | |

| | | | | |
|---|---|---|---|---|
| ഉറപ്പാക്കുക | ശിപ്പിക്കുന്നു.അവ സൂക്ഷിച്ച് വയ്ക്കുന്നു | ച്ച് വരെ | ലീഡർ | |
| പ്രവർത്തനം : 5 ഗണിതമേള | | | | |
| ഗണിതശാസ്ത്രമേളയെ കുറിച്ചുള്ള ധാരണ ഉണ്ടാക്കുക.ഗണിതശാസ്ത്രമേളയിൽ പങ്കെടുക്കുക | • സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു<br>• നമ്പർചാർട്ട്,ജ്യോമെട്രിക് ചാർട്ട്,പസിൽ തുടങ്ങിയ മത്സരങ്ങൾ നടത്തുന്നു<br>• സബ്ജില്ലാ മത്സരങ്ങളിലേക്ക് കുട്ടികളെ തെരെഞ്ഞെടുക്കുന്നു<br>• കൂടുതൽ പരിശീലനങ്ങൾ നൽകുന്നു | ഒക്ടോബർ വരെ | ഗണിത അധ്യാപകർ | |
| പ്രവർത്തനം : 6 ഐസിറ്റി | | | | |
| ജിയോജിബ്രായുടെ സാധ്യതകൾ മനസ്സിലാക്കുന്നു | • ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിനായി ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ജിയോജിബ്രാ ഉപയോഗിക്കുന്നു<br>• കുട്ടികൾ ജിയോജിബ്രായിൽ പ്രവർത്തനങ്ങൾ ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ,കുട്ടികൾ | |
| പ്രവർത്തനം : 7 ഗണിതമാഗസിൻ | | | | |
| ഗണിതത്തോട് താത്പര്യം ഉണ്ടാക്കുക,വായനയിൽ താത്പര്യം വളർത്തുക | • എല്ലാ ക്ലാസ്സുകളിലും ക്ലാസ് മാഗസിൻ നിർമ്മിക്കുന്നു<br>• സ്കൂൾ മാഗസിൻ നിർമ്മിക്കുന്നു<br>• ഗണിതമേളയിൽ പങ്കെടുപ്പിക്കുന്നു | വർഷത്തിൽ ഒരുതവണ | | |
| പ്രവർത്തനം : 8 വീട്ടിലെ ഗണിതം | | | | |
| വീട്ടിലെ ഒരുമാസത്തെ വരവ് ചെലവ് മനസ്സിലാക്കി സാമ്പത്തിക അച്ചടക്കം ഉണ്ടാക്കുന്നു | • കുട്ടികൾ ഒരു മാസത്തിലെ ഓരോ ദിവസത്തിലെയും വരവും ചെലവും എഴുതുന്നു<br>• അധികമായി വരുന്ന ചെലവുകൾ എഴുതുന്നു<br>• പിന്നീടുള്ള മാസങ്ങളിലെ ബഡ്ജറ്റ് തയ്യാറാക്കുന്നു<br>• സമ്പാദ്യശീലം ഉണ്ടാക്കുന്നു | സെപ്റ്റംബർ | ഗണിതഅധ്യാപകർ ,കുട്ടികൾ,രക്ഷിതാക്കൾ | |
| പ്രവർത്തനം : 9 രക്ഷകർതൃ യോഗം | | | | |
| കുട്ടികളുടെ പഠനപുരോഗതി രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്നു | • ക്ലാസ് പിറ്റിഎ നടത്തുന്നു | വർഷത്തിൽ അഞ്ച് തവണ | എച്ച്.എം,അധ്യാപകർ,പിറ്റിഎ | |

# ക്ലബ്ബുകളും സന്നദ്ധസംഘടനകളും

1.എസ്.പി.സി

2. ലിറ്റിൽ കൈറ്റ്സ്

3. വിദ്യാരംഗം കലാസാഹിത്യവേദി

4. ഇംഗ്ലീഷ് ക്ലബ്

5. ഹിന്ദി ക്ലബ്

6. സയൻസ് ക്ലബ്

7. സോഷ്യൽ സയൻസ് ക്ലബ്

8. ഗണിത ക്ലബ്

9. ഇക്കോ ക്ലബ്

10. ശുചിത്വ ക്ലബ്

11. ഹെൽത്ത് ക്ലബ്

12. വിമുക്തി ക്ലബ്

12. പ്രവൃത്തി പരിചയ ക്ലബ്

# ഉപസംഹാരം

മങ്ങാട് ഗവ ഹയർസെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. മുൻവർഷങ്ങളിൽ ആസൂത്രണം ചെയ്യപ്പെട്ടവയിൽ  പൂർണ്ണമായും നടപ്പാക്കാൻ കഴിയാഞ്ഞവയും നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഉൾപ്പെടുത്തേണ്ടവയും ചേർത്താണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഭൌതികമായ മാറ്റങ്ങൾക്കൊപ്പം അക്കാദമിക-അനക്കാദമികരംഗത്തും നടപ്പാക്കേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ആവശ്യമായ കൂട്ടിച്ചേർക്കലുകളിലൂടെയും സമഗ്രമായ വിദ്യാലയവികസനപദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുന്നതിനും മറ്റു സഹായങ്ങൾക്കും ഈ സ്കൂളിലെ പൂർവവിദ്യാർഥികളുടെയും പി.റ്റി.എ യുടെയും  സഹായവും തേടുന്നുണ്ട്. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള പൂർവവിദ്യാർഥികളുമായി സംവദിക്കാനും അവരിൽ നിന്നും പ്രചോദനമുൾക്കൊള്ളാനും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാനും പുതുതലമുറയ്ക്ക് കഴിയട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

